(ബി) കൃഷി, കാലി വളർത്തൽ, കോഴി വളർത്തൽ, മത്സ്യകൃഷി, ക്ഷീര കൃഷി, തേനീച്ച വളർത്തൽ എന്നീ മേഖലകളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ ഇതിൽ ഉൾപ്പെടുത്താം.

(സി) 2011-12-ൽ 'നിറവ്' പദ്ധതി നടപ്പിലാക്കുവാൻ 12 നിയോജക മണ്ഡലങ്ങൾ തെരഞ്ഞെടുത്തതിൽ 11 നിയോജക മണ്ഡലങ്ങളിൽ പദ്ധതി നടപ്പിലാക്കി. ഇതിനായി ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 737.58 ലക്ഷം രൂപ അനുവദിച്ചു. നെൽകൃഷി വികസനം, തെങ്ങുകൃഷി, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, കാർഷിക യന്ത്രവൽക്കരണം, തൊഴിൽസേന, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, ജാതികൃഷി, വെറ്റില കൃഷി, വിത്ത്/തൈകളുടെ വിതരണം എന്നീ പദ്ധതികൾ 2011-12-ൽ അംഗീകരിച്ചു. ചെങ്ങന്നൂർ, തൊടുപുഴ, പാല, നോർത്ത് പറവൂർ, കൊടുങ്ങല്ലൂർ, കോട്ടയ്ക്കൽ, ബാലുശ്ശേരി, പേരാമ്പ്ര, നാദാപുരം, കൽപ്പറ്റ, ക്ലാത്തുപറമ്പ് എന്നീ നിയോജക മണ്ഡലങ്ങളിൽ വിജയകരമായി നടപ്പിലാക്കി.

(ഡി) കോട്ടയം ജില്ലയിലെ 2011-12-ൽ തെരഞ്ഞെടുത്ത പാല, 2013-14-ൽ വൈക്കം, പുതുപ്പള്ളി, 2014-15-ൽ കടുത്തുരുത്തി, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി എന്നീ നിയോജക മണ്ഡലങ്ങളാണ് നിറവ് പദ്ധതി നടപ്പിലാക്കുവാനായി തെരഞ്ഞെടുത്തത്. ഇതിൽ പാലാ നിയോജക മണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കി കഴിഞ്ഞു. ബാക്കിയുള്ള നിയോജകേ മണ്ഡലങ്ങളിൽ മണ്ഡലതല മീറ്റിംഗുകൾ കൂടി പദ്ധതികൾ തയ്യാറാക്കി വരുന്നു.

നിറവ് പദ്ധതി

236 (1675) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'നിറവ്' പദ്ധതിക്കായി എത്ര രൂക അനുവദിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിവരങ്ങൾ നൽകുമോ ;

(ബി) കോങ്ങാട് മണ്ഡലത്തിൽ ഇതിനായി എത്ര രൂക അനുവദിച്ചിട്ടുണ്ട് ; വിശദവിവരങ്ങൾ നൽകുമോ ;

(സി) പ്രസ്തുത പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 'നിറവ്' പദ്ധതിക്കായി പ്രത്യേകിച്ച് ഇകയൊന്നും കൃഷി വകുപ്പിന്റെ ബഡ്ജറ്റിൽ അനുവദിച്ചിട്ടില്ല. നിലവിലുള്ള കേന്ദ്ര സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് നിറവ് പദ്ധതി നടപ്പിലാക്കുന്നത്. 2012-13-ൽ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നിറവ് പദ്ധതിക്കായി ആകെ 303 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

കൊല്ലം	-	15.30 ലക്ഷം
ആലപ്പുഴ	-	15.30 ലക്ഷം
ഇടുക്കി	-	113.3 ലക്ഷം
കോട്ടയം	-	30.3 ലക്ഷം
മലപ്പുറം	-	39.3 ലക്ഷം
തൃശ്ശൂർ	-	45.3 ലക്ഷം
വയനാട്	-	15.30 ലക്ഷം
കോഴിക്കോട്	-	13.60 ലക്ഷം
കണ്ണൂർ	-	15.30 ലക്ഷം

(ബി) കോങ്ങാട് മണ്ഡലത്തെ 2013-14 സാമ്പത്തിക വർഷമാണ് 'നിറവ്' പദ്ധതിയിൽ ഉൾപ്പെടുത്തിയത്. 31-5-2014-ൽ മണ്ഡലതല മീറ്റിംഗ് കൂടി കരട് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആർ.കെ.വി.വൈ. പദ്ധതികളായ തരിശുഭൂമിയിൽ നെൽകൃഷി, ജാതികൃഷി, കിഴങ്ങുവർഗ്ഗ കൃഷി എന്നിവ കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കുന്നുണ്ട്. മണ്ഡലത്തിന്റെ മാത്രമായി പദ്ധതികളൊന്നും അംഗീകരിച്ചിട്ടില്ല.

(സി) 25-11-2011-ലെ ജി.ഒ.(ആർറ്റി.) നമ്പർ 2193/2011/കൃഷി പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി വച്ചിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.